# ‘ദൈവത്തെ സ്നേഹിക്കുക’

## മത്തായി 22:37–39

**“യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.”**

ദൈവം മനുഷ്യനെ സൃഷ്ടിച്ചതു തന്നെ തന്റെ സ്നേഹം അവനുമായി പങ്കു വെയ്ക്കുന്നതിന്നു വേണ്ടിയാണ്. അതു മനസ്സിലാക്കാൻ കഴിയാതെ പോയിടത്ത് വെച്ച് സാത്താൻ മനുഷ്യനെ പിടികൂടുകയാണുണ്ടായത്. അന്നു ആദാമിൽ തുടങ്ങി ഇന്നു എന്നിലും നിങ്ങളിലും വന്നെത്തി നിൽക്കുന്ന മനുഷ്യകുലത്തിന്റെ ജീവിതത്തിലെ പരമ പ്രധാനമായ കാര്യവും നാമോരോരുത്തരുടെയും ഉത്തരവാദിത്തവുമാണ്; ഈ ദൈവം നമ്മോട് കാണിക്കുന്ന സ്നേഹത്തിനു പകരമായി അവനെ സ്നേഹിക്കുക എന്നുള്ളത്. അത് എപ്രകാരമായിരിക്കണം എന്നാണ് കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. അത് പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ ആയിരിക്കണം. മർക്കോസ് സുവിശേഷത്തിൽ ഈ ഭഗം വായിക്കുമ്പോൾ അവിടെ ഒരു കാര്യം കൂടി രേഖപ്പെടുത്തുന്നതായി നമുക്ക് കാണാം, പൂർണ്ണശക്തിയോടും.

നമുക്കറിയാം നമ്മുടെ ഹൃദയം നമ്മിലുള്ള വികാരങ്ങളെ വെളിപ്പെടുത്തുന്നു, എന്നാൽ നമ്മുടെ ആത്മാവ് നമ്മുടെ വികാരങ്ങളെ നിയന്ത്രിച്ച് നമ്മിൽ പ്രവൃത്തികളെ ഉണ്ടാക്കുന്നു. എന്നാൽ നമ്മുടെ മനസ്സു നമുക്ക് ലഭിക്കുന്ന അറിവിനനുസരിച്ച് നമ്മെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. അങ്ങിനെയെങ്കിൽ ഈ വക കാര്യങ്ങളുടെയെല്ലാം ഒരു പൂർണ്ണമായ അവസ്ഥയിൽ നിന്നു കൊണ്ടായിരിക്കണം നാം ദൈവത്തെ സ്നേഹിക്കേണ്ടത് എന്നു വചനത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പം ശക്തി എന്നു പറയുന്നത് നമ്മുടെ ശാരീരികമായ അവസ്ഥയെ കാണിക്കുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ പകർന്ന് നൽകിയിരിക്കുന്ന ബലവും ശക്തിയും അതിന്റെ പൂർണ്ണതയിൽ തിരിച്ച് ദൈവത്തിന്നു വേണ്ടി ഉപയോഗിക്കുമ്പോഴാണ് അതിനർഥമുണ്ടാവുന്നത്. എന്നാൽ ഇന്നു നാം നമ്മുടെ ഹൃദയവും, ആത്മാവും, മനസ്സും, ശക്തിയുമെല്ലാം അതിന്റെ പൂർണ്ണതയിൽ ഈ ദൈവത്തെ സ്നേഹിക്കുവാൻ ഉപയോഗിക്കുന്നുണ്ടോ?

ഈ ആദ്യകൽപനയെ പാലിച്ചു തുടങ്ങുമ്പോൾ നാം സ്വഭാവികമായി രണ്ടാം കൽപന അനുസരിക്കുന്നവരായി മാറും, കാരണം ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ പൂർണ്ണതയിൽ സ്നേഹിക്കാൻ തുടങ്ങുമ്പോൾ ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കും അതിൻഫലമായി നമ്മിൽ അവന്റെ സ്നേഹം കൊണ്ട് നിറയുകയും നമ്മുടെ ചിന്തകളും വിചാരങ്ങളും പ്രവൃത്തികളുമെല്ലാം ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യും. അത് നമ്മെ നമ്മുടെ അയൽക്കാരനെ/കൂട്ടുകാരനെ നമ്മെ പോലെ തന്നെ സ്നേഹിക്കുവാൻ നിത്യം പ്രേരിപ്പിച്ചുകൊണ്ടിരിക്കും. നാം നമ്മുടെ കാര്യങ്ങൾക്കു വേണ്ടി ചിലവഴിക്കുന്ന സമയം മറ്റുള്ളവർക്കു വേണ്ടി ചിലവഴിക്കുന്നതിൽ നിന്നു എത്രമാത്രം കൂടിയിരിക്കുന്നു എന്ന് ഒന്നു ആലോചിച്ചു നോക്കിയാൽ നമുക്ക് മനസ്സിലാകും നാം നമ്മെ പോലെ തന്നെയാണോ നമ്മുടെ അയൽക്കാരനെ/കൂട്ടുകാരനെ കരുതുന്നതും പരിപാലിക്കുന്നതും എന്ന്. ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് നാം എങ്ങനെയാണോ നമ്മുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത് അതിൽ നിന്നും ഒട്ടു തന്നെ കുറവില്ലാതെ മറ്റുള്ളവരേയും കരുതുവാൻ നാം ശ്രമിക്കണം എന്നാണ്. അതിലുപരിയായി അവരെ ദൈവത്തിലേക്കും അവന്റെ സ്നേഹത്തിലേക്കും അടുപ്പിക്കുകയെന്ന വലിയ കർത്തവ്യവും നമ്മിൽ ഭരമേൽപ്പിക്കുന്നു.

ഇപ്രകാരം നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ അതിപരിശുദ്ധറൂഹായാൽ നമ്മുടെ പിതാവാം ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുവാനും നമ്മെ പോലെ നമ്മുടെ അയൽക്കാരനെ/ കൂട്ടുകാരനെ കരുതുവാനും തക്കവണ്ണം നമ്മുടെ ജീവിതത്തിൽ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ദാനീയേൽ 2:20–23

**ദൈവത്തിന്റെ നാമം എന്നും എന്നേക്കും സ്തുതിക്കപ്പെടുമാറാകട്ടെ; ജ്ഞാനവും ബലവും അവന്നുള്ളതല്ലോ. അവൻ കാലങ്ങളെയും സമയങ്ങളെയും മാറ്റുന്നു; അവൻ രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കുകയും ചെയ്യുന്നു; അവൻ ജ്ഞാനികൾക്കു ജ്ഞാനവും വിവേകികൾക്കു ബുദ്ധിയും കൊടുക്കുന്നു. അവൻ അഗാധവും ഗൂഢവുമായതു വെളിപ്പെടുത്തുന്നു; അവൻ ഇരുട്ടിൽ ഉള്ളതു അറിയുന്നു; വെളിച്ചം അവനോടുകൂടെ വസിക്കുന്നു. എന്റെ പിതാക്കന്മാരുടെ ദൈവമായുള്ളോവേ നീ എനിക്കു ജ്ഞാനവും ബലവും തന്നു, ഞങ്ങൾ നിന്നോടു അപേക്ഷിച്ചതു ഇപ്പോൾ എന്നെ അറിയിച്ചു രാജാവിന്റെ കാര്യം ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്നിരിക്കകൊണ്ട് ഞാൻ നിന്നെ വാഴ്ത്തി സ്തുതിക്കുന്നു.**

ബ്രദർ ബിനു ബേബി ആലപ്പുഴ 101